ആവിഷ്ക്കരിക്കാൻ കഴിഞ്ഞ ഗവൺമെന്റിന് കഴിയാതെ പോയി. ആ കാലഘട്ടത്തിൽ കേരളത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക നിയമനം മാനേജുമെന്റുകൾ നടത്തുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 നവംബർ 9-നാണ് ഹയർ സെക്കന്ററി അദ്ധ്യാപകർക്കു വേണ്ടി സ്പെഷ്യൽ റൂൾസ് ആവിഷ്ക്കരിച്ചത്. സുപ്രീം കോടതി പറഞ്ഞ ഈ മൂന്നു മാസത്തിനുശേഷമുള്ള ഒൻപത് മാസക്കാലം നിയമനം ലഭിച്ച അദ്ധ്യാപകരുടെ നിയമന അംഗീകാരം, നമ്മുടെ സംസ്ഥാനത്തെ 650-ഓളം വരുന്ന അദ്ധ്യാപകർക്ക് ഇതുവരെ ലഭ്യമായിട്ടില്ല. 2003 ജനുവരി 22-ന് ഹൈക്കോടതി ഇവരുടെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വിധി പുറപ്പെടുവിച്ചു. സെറ്റ്, നിയമനം കൊടുക്കുമ്പോൾ ഒരു അടിസ്ഥാന യോഗ്യത അല്ലായിരുന്നു. സെറ്റ് പാസ്സാകണമെന്ന് നിഷ്കർഷിക്കുന്നതിൽ തെറ്റില്ല. പക്ഷേ, നിയമനം കൊടുക്കുമ്പോൾ സെറ്റ് വേണമെന്ന നിയമമില്ലായിരുന്നു. പിന്നീട് അവർ qualification acquire ചെയ്തോട്ടെ. അന്ന് സെറ്റ് അടിസ്ഥാന യോഗ്യതയല്ലായിരുന്നു പിന്നീട് സെറ്റ് ഇൻസിസ്റ്റ് ചെയ്തതാണ്. അതുകൊണ്ട് നിയമന സമയം മുതൽ സെറ്റ് പാസ്സാകണമെന്ന് നിഷ്ക്കർഷിക്കരുത്. അതിനാൽ നിയമന തീയതി മുതൽ അവർക്ക് അംഗീകാരം കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം ; ശമ്പള കുടിശ്ശികയും കൊടുത്തുതീർക്കുവാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കു വേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഇതിനെ സംബന്ധിച്ച് വളരെ വ്യക്തമായ തീരുമാനമെടുത്തിട്ടുണ്ട്. ഈ കാലയളവിൽ നിയമിക്കപ്പെട്ട യോഗ്യരായ അദ്ധ്യാപകർക്ക് നിയമന തീയതി മുതലും പിന്നീട് സെറ്റ് പാസ്സായവർക്ക് സെറ്റ് കൈവരിച്ച തീയതി മുതലും നിയമന അംഗീകാരം നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. സെറ്റ് പരീക്ഷ പാസ്സാകാത്തവരുടെ കാര്യം പരിഗണിക്കാൻ പാടില്ല എന്ന് വ്യക്തമായ തീരുമാനം കാബിനറ്റ് എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് പരിശോധിക്കാം.

## IV റിപ്പോർട്ട് സമർപ്പണം

### അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly